**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1833** **09-12-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധിയിൽ ചേരുന്ന കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കർഷക ക്ഷേമനിധി ആക്ട് പ്രകാരം കർഷക ക്ഷേമനിധിയിൽ ചേരുന്ന കർഷകന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 5 വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് പദ്ധതിയിലെ ആനുകൂല്യങ്ങൾക്ക് അർഹത. പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന കർഷക ക്ഷേമ നിധി പദ്ധതിയുടെ കരട് രൂപരേഖ അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | അതിനായി സമർപ്പിക്കേണ്ട വരുമാന സർട്ടിഫിക്കറ്റിൽ കർഷകന്റെ വാർഷിക വരുമാനമാണോ കുടുംബ വാർഷിക വരുമാനമാണോ മാനദണ്ഡമായി എടുക്കുന്നത്; വിശദമാക്കാമോ; | (ബി) | അപേക്ഷിക്കുന്ന കർഷകന്റെ വാർഷിക വരുമാനമാണ് മാനദണ്ഡമായി എടുക്കുന്നത്. |
| (സി) | സംസ്ഥാനത്ത് കർഷക ക്ഷേമനിധിയിൽ ഇതുവരെ എത്ര പേർ അംഗത്വമെടുത്തിട്ടുണ്ട്; | (സി) | 16780 കർഷകർ അപേക്ഷിച്ചതിൽ 02/12/2022 വരെ 13779 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേരുകയും, ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| (ഡി) | ഇതുവരെ ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (ഡി) | 16780 കർഷകർ അപേക്ഷിച്ചതിൽ 02/12/2022 വരെ 13779 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേരുകയും, ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| (ഇ) | പ്രസ്തുത ക്ഷേമനിധിയിൽ അംഗമായ എത്ര പേർക്ക് നിലവിൽ പെൻഷൻ നൽകുന്നുണ്ട്; | (ഇ) | ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനും പെൻഷനും ആക്ട് പ്രകാരം അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും നല്കാറായിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | തൃശ്ശൂർ ജില്ലയിൽ എത്ര പേർ കർഷക ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും എത്രപേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നുമുള്ള വിശദാംശം അറിയിക്കാമോ? | (എഫ്) | തൃശ്ശൂർ ജില്ലയിൽ 02/12/2022 വരെ 1219 അപേക്ഷ ലഭിച്ചതിൽ 852 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും നല്കാറായിട്ടില്ല. |

സെക്ഷൻ ഓഫീസർ